പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3180** **19.06.2019 ൽ മറുപടിയ്ക്ക്**

**പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത**

**ചോദ്യം**

**ശ്രീ. സജി ചെറിയാൻ**
**ശ്രീ. സി.കെ. ഹരീന്ദ്രൻ**
**ശ്രീ. ജോർജ് എം. തോമസ്**
**ശ്രീ. പി.കെ. ശശി**

ഉത്തരം

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി വീട്ടുവളപ്പിലുള്ള പച്ചക്കറി കൃഷി, മട്ടുപ്പാവിലെ കൃഷി, ഗ്രോബാഗുകളിലും റെയിൻ ഷെൽട്ടറുകളിലുമുള്ള പച്ചക്കറി കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും, പച്ചക്കറിയുല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ മുഖ്യ ഘടകമായി ഉൾപ്പെടുത്തി വീട്ടുവളപ്പിലുള്ള പച്ചക്കറി കൃഷി, മട്ടുപ്പാവിലെ കൃഷി, ഗ്രോബാഗുകളിലും റെയിൻ ഷെൽട്ടറുകളിലുമുള്ള പച്ചക്കറി കൃഷി എന്നിവ നടപ്പിലാക്കി വരുന്നു.

<u>വീട്ടുവളപ്പിലുള്ള പച്ചക്കറി കൃഷി:-</u> വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 65 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും, 160 ലക്ഷം പച്ചക്കറി തൈകളും സ്കൂൾ കുട്ടികൾ, കർഷകർ, വനിതകൾ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി സൗജന്യമായി വിതരണം ചെയ്യുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, റെസിഡന്റ് അസോസിയേഷനുകൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

<u>മട്ടുപ്പാവ് കൃഷി/ ഗ്രോബാഗുകളിലെ പച്ചക്കറി കൃഷി:</u> - മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ, സസ്യസംരക്ഷണ ഉപാധികൾ എന്നിവ കർഷകർക്കു നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2000/- രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500/- രൂപയ്ക്ക് കർഷകർക്ക്

വിതരണം ചെയ്യുന്നു. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ യൂണിറ്റുകളുടെ തുടർ കൃഷിയ്ക്കായുള്ള സാമ്പത്തിക സഹായവും നൽകി വരുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിടമണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെനിർമ്മാണം, ചെറുകിടതുള്ളിനന/ തിരിനനയൂണിറ്റുകൾ സ്ഥാപിക്കൽ. കൂടാതെ റസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിതഗ്രൂപ്പുകൾ രൂപീകരിച്ച പച്ചക്കറി വികസന പദ്ധതി പ്രകാരം പ്രവർത്തിച്ച വരുന്നു.

<u>റെയിൻ ഷെൽട്ടറുകളിലുള്ള പച്ചക്കറി കൃഷി:</u> വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ റെയിൻ ഷെൽട്ടറുകളിലുള്ള പച്ചക്കറി കൃഷി (മഴമറയിലെ കൃഷി) കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50000 രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം നൽകി വരുന്നു.

വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, മട്ടുപ്പാവിലെ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ വഴി 'ഹരിതനഗരി' പദ്ധതി നടപ്പിലാക്കി വരുന്നു. വീട്ടാവശ്യത്തിനുള്ള പച്ചക്കറി ഉല്പാദനത്തിന് അനുയോജ്യമായ 20 ചതുരശ്ര മീറ്റർ സ്ഥലത്ത് സ്ഥാപിക്കാവുന്ന മാതൃകാ മിനി പോളിഹൗസ് (കേരള കാർഷിക സർവ്വകലാശാല യുടെ സാങ്കേതിക ഉപദേശ പ്രകാരം) കൗൺസി ലിന്റെ എറണാകുളം, തിരുവനന്തപുരം, കാസർഗോഡ് എന്നീ കൃഷി ബിസിനസ്സ് കേന്ദ്രക ളിൽ വിജ്ഞാന വ്യാപനാർത്ഥം സ്ഥാപിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളുടെ ഭാഗമായി കൗൺസിൽ വീട്ടമ്മമാർക്ക് പച്ചക്കറി വിത്തും നൽകി വരുന്നു. ഇതോടൊപ്പം തിരഞ്ഞെടുക്കപ്പെട്ട വരിക്കാർക്ക് എല്ലാ ജില്ലകളിലും പരിശീലനങ്ങളും ജൈവ ഉൽപാദനോപാധികളുടെ വിതരണവും ചെയ്തു വരുന്നു.

ബി) വിഷരഹിത പച്ചക്കറി ഉത്പാദനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നടത്തുന്നതിനും ശാസ്ത്രീയ കൃഷിരീതികൾ സംബന്ധിച്ച് പരിശീലനവും പ്രചാരണവും നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ബി) വിഷരഹിത പച്ചക്കറി ഉല്പാദനത്തിന്റെ ആവശ്യകതയെ കുറിച്ച് ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവത്കരിക്കുന്നതിനായി വിവിധ പ്രോഗ്രാമുകൾ സംപ്രേക്ഷണം നടത്തുന്നുണ്ട്. സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് എല്ലാ വീട്ടുവളപ്പുകളിലും പച്ചക്കറി ഉല്പാദനം ലക്ഷ്യമിടുന്നു. കർഷകർക്ക് ആവശ്യമായ പരിശീലനങ്ങൾ കൃഷി ഭവനുകൾ മുഖാന്തിരം സംഘടിപ്പിക്കുന്നു. ഒരു പരിശീലനത്തിന് 1000/- രൂപ

വീതം ചിലവിനത്തിൽ നൽകുന്നു.

സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി എന്ന മുഖ്യ ഘടകത്തിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പാക്കുന്നതിനും പ്രാധാന്യം നൽകുന്നുണ്ട്. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് വിദ്യാർത്ഥികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും മറ്റ് കാർഷിക പ്രവർത്തനങ്ങൾക്കുമായി 1000 രൂപ പ്രവർത്തന ചിലവായും നൽകി വരുന്നു. 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്നാണ് ക്ലബ്ബ് രൂപീകരിക്കുന്നത്. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനായി പമ്പ്സെറ്റ്, കിണർ എന്നിവ സ്ഥാപിക്കുന്നതിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് 10 രൂപ വിലവരുന്ന പച്ചക്കറി വിത്തുകിറ്റുകൾ സൗജന്യമായി വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. പദ്ധതിയിലൂടെ വിദ്യാർത്ഥികളെ/ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുവാനും സാധിച്ചിട്ടുണ്ട്.

വിഷരഹിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവ കാർഷിക മുറകൾ/ ഉത്തമ കൃഷി മുറകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് പരിശീലന പരിപാടികൾ, പ്രദർശന തോട്ടങ്ങൾ എന്നിവ കൗൺസിൽ സംഘടിപ്പിക്കുന്നുണ്ട്. വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 14 ജില്ലകളിലും കർഷകർക്ക് പി.ജി.എസ് ജൈവസർട്ടിഫിക്കേഷൻ പദ്ധതിയുടെ കീഴിൽ ജൈവ കൃഷി അനുവർത്തിക്കുവാൻ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നു. നാളിതുവരെ 232 ലോക്കൽ ഗ്രൂപ്പുകളിലായി 1600 കർഷകർ 785 ഹെക്ടർ സ്ഥലത്ത് ഇപ്രകാരം കൃഷി ചെയ്തു വരുന്നു.

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് ഗുണനിലവാരമുള്ള ഉൽപാദനോപാധികൾ കൗൺസിൽ ലഭ്യമാക്കുന്നു. ജൈവ ഉൽപ്പാദനോപാധികളുടെ ഉൽപാദനത്തിനായി ഒരു ജൈവ വള ഉൽപാദനകേന്ദ്രം കാക്കനാട് പ്രവർത്തിച്ചുവരുന്നു. കൂടാതെ ജൈവ ഉൽപ്പാദനോപാധികളുടെ വിതരണത്തിനായി എറണാകുളം, തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ കൃഷി ബിസിനസ്സ് കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ വി.എഫ്.പി.സി.കെ യുടെ സ്വാശ്രയ കർഷക സമിതികൾ മുഖേനയും ഇവ കർഷകരിലേയ്ക്കെത്തിക്കുന്നുണ്ട്.

Mayap

**സെക്ഷൻ ഓഫീസർ**